# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.


**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എഎസ് 10/16,വെള്ളിയാഴ്ച്ച

തീയ്യതി 04.03.2016

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 05.03.2016 | 06.03.2016 | 07.03.2016 | 08.03.2016 | 09.03.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 4 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 3 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 70 | 250 | 250 |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | പരിചരണ മാർഗ്ഗങ്ങൾ | തെങ്ങിൻതടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിന് പച്ചയോ, ഉണങ്ങിയതോ ആയ ചകിരി, ഇലകൾ, തെങ്ങോലകൾ എന്നിവ ഉപയോഗിച്ച് തടങ്ങളിൽ പുതയിടുന്നതും, തെങ്ങിന്റെ ഏറ്റവും താഴത്തെ ഒന്നോ രണ്ടോ ഓലകൾ വെട്ടിമാറ്റുന്നതും, തടിയിൽ ചൂടേൽക്കുന്നത് കുറയ്ക്കാൻ 2-3 മീറ്റർ ഉയരംവരെ ചുണ്ണാമ്പ് പൂശുന്നതും മണ്ണിന്റെ താപനില ക്രമീകരിക്കാനും ജൈവാംശം നിലനിർത്താനും സഹായകമാണ്. കണിക ജലസേചന രീതി വഴി നനയ്ക്കുക. |
| വാഴ | സിഗാർ എൻഡ് രോഗം | ഉയർന്ന താപനില മൂലവും അന്തരീക്ഷ ആർദ്രത കുറഞ്ഞു വരുന്നതു മൂലവും വാഴക്കുലയിൽ സിഗാർ എൻഡ് രോഗം കണ്ടുവരുന്നു. രോഗം ബാധിച്ച കായ്കളുടെ അറ്റം കറുത്ത് ചുക്കിചുളിയുകയും ആ ഭാഗത്ത് വെളുത്ത പൂപ്പലുകൾ കാണുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇവയെ നിയന്ത്രിക്കാനായി 3 ഗ്രാം ഡൈത്തേൻ എം45, ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പച്ചക്കറികൾ | എഫിഡുകൾ | പച്ചക്കറികളിൽ നീരൂറ്റികുടിക്കുന്ന കീടങ്ങളുടെ ആക്രമണം കൂടുവാൻ സാധ്യതയുണ്ട്. എഫിഡുകളെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിക്കുക. |